**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 691** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റിസ്ക് ഫണ്ട് സ്കീം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. ആർ. അനിൽ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 2021-2026 കാലയളവിൽ നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി ആകെ 763 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

**(ബി)** ഇതുവരെ ധനസഹായം അനുവദിച്ചത് സംബന്ധിച്ച വിശദവിവരങ്ങളും അനുവദിച്ച് നൽകിയ തുകയുടെ വിവരങ്ങളും മണ്ഡലത്തിലെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിന്നും 2021-2026 കാലയളവിൽ ബോർഡിൽ ലഭ്യമായതും മുൻകാലയളവിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിലുമായി ആകെ 518 അപേക്ഷകളിലായി **6,14,68,669/- രൂപ (ആറ് കോടി പതിനാല് ലക്ഷത്തി അറുപത്തിയെട്ട് ആയിരത്തി അറുന്നൂറ്റി അറുപത്തിയൊൻപത് രൂപ)** ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. അപേക്ഷകളുടെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

**(സി)** റിസ്ക് ഫണ്ട് ധനസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ അനുമതി നൽകാതെ അവശേഷിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2021-2026 കാലയളവിൽ റിസ്ക് ഫണ്ട് ധനസഹായത്തിനായി ബോർഡിൽ ലഭ്യമായ 763 അപേക്ഷകളിൽ **81** അപേക്ഷകൾ തീർപ്പ് കൽപ്പിക്കാൻ ബാക്കിയുണ്ട്.

**(ഡി)** അവശേഷിക്കുന്ന അപേക്ഷകളിൽ നടപടികൾ പൂർത്തിയാക്കി ധനസഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി നിശ്ചയിച്ചിട്ടുള്ള കാലപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** അവശേഷിക്കുന്ന **81** അപേക്ഷകളിൽ, ന്യൂനതയുള്ള **33** അപേക്ഷകൾ ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിൽ നിന്നും ന്യൂനത പരിഹരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതും, അർഹതയുള്ള **26** അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും, ബാക്കിയുള്ള **22** അപേക്ഷകളിൽ സമയബന്ധിതമായി ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ധനസഹായം അനുവദിച്ചു നൽകിയ അപേക്ഷകളുടെ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അടിസ്ഥാനത്തിലുള്ള വിവരങ്ങൾ**

| പഞ്ചായത്ത് | വായ്പകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| ആനാട് | 25 | 37,16,379 |
| അരുവിക്കര | 9 | 7,61,796 |
| ആര്യനാട് | 14 | 18,00,463 |
| കല്ലറ | 15 | 21,02,855 |
| കരകുളം | 21 | 30,55,834 |
| കാട്ടാക്കട | 14 | 19,80,351 |
| മാണിക്കൽ | 13 | 16,26,071 |
| നന്ദിയോട് | 27 | 33,71,812 |
| നെല്ലനാട് | 7 | 9,11,012 |
| പാങ്ങോട് | 7 | 9,10,672 |
| പെരിങ്ങമല | 140 | 1,38,96,099 |
| പുല്ലംമ്പാറ | 17 | 23,42,808 |
| തൊളിക്കോട് | 15 | 10,94,820 |
| ഉഴമലക്കൽ | 10 | 11,18,287 |
| വാമനപുരം | 21 | 25,49,897 |
| വെള്ളനാട് | 19 | 25,97,089 |
| വെമ്പായം | 12 | 19,39,751 |
| വിതുര | 69 | 81,53,196 |
| TOTAL | **455** | **5,39,29,192** |

| മുൻസിപ്പാലിറ്റി | വായ്പകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| നെടുമങ്ങാട് | 45 | 47,75,725 |
| TOTAL | **45** | **47,75,725** |

| കോർപ്പറേഷൻ | വായ്പകളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 18 | 27,63,752 |
| TOTAL | **18** | **27,63,752** |

| | | |
|---|---|---|
| GRAND TOTAL | **518** | **6,14,68,669** |